## പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

### നവംബർ 2020

**നിർദ്ദേശങ്ങൾ:–**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനായോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

**പ്രാരംഭഗാനം**

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

**പ്രാരംഭ പ്രാർത്ഥന**

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

**വചനവായന**

ജറെമിയാ 13 : 1 – 11

**ധ്യാനചിന്തകൾ:– ''ലാസലെറ്റ് മാതാവിന്റെ ആഭരണങ്ങൾ''**

പുരാതന മനുഷ്യനും ആധുനിക മനുഷ്യനും അവരുടേതായ രീതികളിൽ വസ്ത്രവും ആഭരണങ്ങളും ധരിച്ചിരുന്നവരും ധരിക്കുന്നവരുമാണ്. പാപം ചെയ്ത മനുഷ്യന് അവരുടെ 'ലജ്ജ' അത്തിയിലകൾകൊണ്ടു നാണം മറക്കാൻ പ്രേരണയായി എന്നും പിന്നീട് ദൈവം പറുദീസായിൽ കുഞ്ഞാടിനെ കൊന്ന്, അതിന്റെ തോലുകൊണ്ട് അവർക്കു വസ്ത്രമുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും

ധരിപ്പിച്ചു എന്ന് നാം ഉൽപത്തി പുസ്തകത്തിൽ വായിക്കുന്നു. (ഉൽപത്തി 3, 21). തോലുകൊണ്ടുള്ള വസ്ത്രം ഒരു അടയാളമായിട്ടാണ് ഉൽപ്പത്തി പുസ്തകം പറഞ്ഞുവെയ്ക്കുക. എന്നാൽ പിന്നീട് പിതാവായ ദൈവം മനുഷ്യരക്ഷക്കായി പുതിയ നിയമത്തിൽ, കാൽവരിയിൽ തന്റെ പുത്രനായ പെസഹാ കുഞ്ഞാടിനെ മനുഷ്യകരങ്ങളിൽ ഏൽപ്പിച്ച്, അവനെ അൽപ വസ്ത്രധാരിയായി കുരിശിൽ മരണത്തിന് ഏൽപ്പിച്ചുകൊടുക്കുന്നത്, പാപം മൂലം പറുദീസ നഷ്ടപ്പെട്ട് നഗ്നരാക്കപ്പെട്ട മനുഷ്യ കുലത്തെ മുഴുവൻ 'രക്ഷ' എന്ന പുത്തൻ ഉടുപ്പ് ധരിപ്പിക്കുവാനായിരുന്നു എന്ന് രക്ഷാകര ചരിത്രം സാക്ഷിക്കുന്നു. വനവാസയുഗത്തിലും, ശിലായുഗത്തിലും, ലോഹയുഗത്തിലും, ആധുനിക യുഗത്തിലും സ്ത്രീയും പുരുഷനും മറ്റുള്ളവരാൽ ആകർഷ്ടിക്കപ്പെടാനും പെരുമ കാണിക്കാനും ആഭരണങ്ങൾ ധരിച്ചിരുന്നു എന്ന് മനുഷ്യരാശിയുടെ ചരിത്രം പഠിപ്പിക്കുന്നു.

എന്നാൽ ബൈബിളിൽ പലപ്പോഴും വസ്ത്രവും ആഭരണവും അടയാളമായി അവതരിപ്പിക്കാറുണ്ട്. നാം വായിച്ച ജെറെമിയാ പ്രവാചകന്റെ പുസ്തകം അതിനു ഉത്തമോദാഹരണമാണ്. ഇസ്രായേലിന്റെ ജീർണ്ണത കാണിക്കുവാനാണ് അരക്കച്ച വാങ്ങുവാനും, ധരിക്കുവാനും, ഒളിപ്പിക്കാനും പിന്നീട് പ്രദർശിപ്പിക്കാനും ദൈവം പ്രവാചകനോട് ആവശ്യപ്പെടുന്നത്. നാം വായിക്കും "അരക്കച്ച അരയോടു ചേർന്നിരിക്കുന്നതുപോലെ ഇസ്രായേൽ ഭവനവും, യൂദാ ഭവനവും എന്നോടു ചേർന്നിരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ഇത് അവർ എന്റെ ജനവും കീർത്തിയും അഭിമാനവും മഹത്വവുമായി നിലകൊള്ളേണ്ടതിനായിരുന്നു. എന്നാൽ അവർ അതു കൂട്ടാക്കിയില്ല – കർത്താവ് അരുളിച്ചെയ്യുന്നു" (ജറെമിയാ 13 : 11). ജറെമിയാ തന്റെ വസ്ത്രംകൊണ്ടുപോലും ദൈവത്തിനുവേണ്ടി ജനമദ്ധ്യേ പ്രവചനമായതുപോലെ, ഒരുപിടി ഇടങ്ങളിൽ വസ്ത്രവും ആഭരണവും ബൈബിളിൽ അടയാളമാകുന്നുണ്ട്.

ലാസലെറ്റ് മാതാവിന്റെ 'വസ്ത്രവും ആഭരണങ്ങളും' സ്വർഗ്ഗം മനുഷ്യനുകൊടുത്ത അടയാളമാണ്. ലാസലെറ്റിൽ മാതാവിനെ കണ്ട മാക്സിമിനും മെലനിയും വിവരിക്കുന്നത് ഇപ്രകാരമാണ്, "മുട്ടിൻമേൽ ശിരസ്സ് കുമ്പിട്ടിരുന്ന പ്രകാശിത സ്ത്രീരൂപം സാവധാനം എഴുന്നേറ്റു, അവളുടെ ശിരസ്സ് അൽപം ഒരു വശത്തേക്ക് ചാഞ്ഞിരുന്നു, അവളുടെ സുന്ദരമായ മുഖം ഞങ്ങൾ ശരിക്കും കണ്ടു. കണ്ണിൽ നിന്നും നിറുത്താതെ കണ്ണീർ പൊഴിയുന്നുണ്ടായിരുന്നു. പ്രകാശിതമായ ഒരു വെള്ള വസ്ത്രം അവളുടെ മുടിയും, കഴുത്ത് പൂർണ്ണമായും, കവിളുകൾ ഭാഗികമായും മറച്ചിരുന്നു. ശിരസ്സിൽ കിരീടം ധരിച്ചിരുന്നു. കിരീടം പലനിറത്തിലുള്ള റോസാപ്പൂക്കളാൽ അലംകൃതമായിരുന്നു. നീണ്ട ഒരു വെള്ള വസ്ത്രമാണ് അവൾ ധരിച്ചിരുന്നത്. അതിനുമുകളിൽ സ്വർണ്ണനിറത്തിൽ ഒരു മേൽവസ്ത്രം ധരിച്ചിരുന്നു. (അത് അവിടങ്ങളിൽ, കൃഷിയിടത്തിൽ പണിയെടുക്കുന്ന സ്ത്രീകൾ ധരിക്കുന്ന ഏപ്രണിനോട് സദൃശ്യമായിരുന്നു). അവളുടെ തോളിനോട് ചേർന്ന് ചങ്ങലകളാൽ ശരീരം ബന്ധിക്കപ്പെട്ടിരുന്നു. അതിനുമുകളിൽ പലനിറത്തിലുള്ള റോസാപ്പൂമാലകളാലും അലംകൃതമായിരുന്നു. അവളുടെ കഴുത്തിൽ ചങ്ങലയിൽ തൂങ്ങി കിടന്നിരുന്ന ഒരു ക്രൂശിതരൂപം ഉണ്ടായിരുന്നു. കുരിശിന്റെ ഇടതുവശത്ത് ഒരു ചുറ്റികയും വലത്തുവശത്ത് പാതി തുറന്നിരുന്ന ഒരു ചവണയും കാണപ്പെട്ടിരുന്നു. കുരിശിലെ ക്രൂശിതരൂപം തീപ്പോലെ ജ്വലിച്ചിരുന്നു. അതിന്റെ പ്രകാശമാണ് അവളെയും അവിടം മുഴുവനും പ്രകാശിപ്പിച്ചിരുന്നത്.

ലാസലെറ്റ് മാതാവ് പ്രവാചക ശബ്ദമായും, രൂപമായുമാണ് മാനവരാശിക്കായി പ്രത്യക്ഷപ്പെട്ടത്. 1789 –ൽ ഫ്രാൻസിൽ പൊട്ടിപുറപ്പെട്ട ഫ്രഞ്ചു വിപ്ലവം, ഒരുപാട് നല്ല രാഷ്ട്രീയ സാമൂഹ്യമാറ്റങ്ങൾക്ക് തിരികൊളുത്തി, എന്നാൽ ദൈവവിശ്വാസത്തിന്റെയും ധാർമ്മിക മൂല്യങ്ങളുടെയും വിളക്കിലെ എണ്ണ തീരാനും, കരിന്തിരി കത്താനും അതുവഴിവെച്ചു. ഫ്രഞ്ചു വിപ്ലവത്തിനു ചൂട്ടുകത്തിച്ച വോൾട്ടയറിന്റെയും റൂസ്സോയുടെയും "സാമൂഹിക കരാർ (The Social Contact)" എന്ന ഗ്രന്ഥത്തിൽ, "മനുഷ്യൻ സ്വതന്ത്രനായി പിറക്കുന്നു, എന്നാൽ ലോകവും മതവും അവനെ ചങ്ങലക്കിടുന്നു" എന്ന് പ്രതിപാദിക്കുകയുണ്ടായി. ചങ്ങല പണിയുന്നത് കത്തോലിക്കാസഭയാണെന്നും, സഭയെയും കൂദാശകളെയും വെറുത്താൽ, ഉപേക്ഷിച്ചാൽ അവൻ സ്വതന്ത്രനാകുമെന്നും അവർ അവരെ പഠിപ്പിച്ചു. ചങ്ങല സഭയാണെന്ന് വിശ്വസിച്ച് പള്ളിയെയും പട്ടക്കാരെയും മറന്നുതുടങ്ങിയ ഫ്രാൻസിൽ മാതാവ് 'ചങ്ങലകളാൽ' തന്നെ ബന്ധിതയായി പ്രത്യക്ഷപ്പെട്ടത്, മനുഷ്യനെ യഥാർത്ഥ ചങ്ങല എന്തെന്ന് പഠിപ്പിക്കാൻ തന്നെയാണ്. ഞങ്ങൾ ആർക്കും അടിമകളായിരുന്നിട്ടില്ല എന്നു പറഞ്ഞ ഫരിസേയ പ്രമുഖരോട് ഈശോ പറഞ്ഞത് 'പാപം ചെയ്തവൻ പാപത്തിന്റെ അടമയാണ്' എന്ന തന്നെയാണ്. പാപമാണ് യഥാർത്ഥത്തിൽ നിങ്ങളെ അടിമപ്പെടുത്തുന്നത് എന്ന് അമ്മ ചങ്ങലകളാൽ ബന്ധിതയായി പഠിപ്പിക്കുകയായിരുന്നു. പാപം ചെയ്യുന്നവൻ ഈശോയെ കുരിശിൽ വീണ്ടും തറക്കുന്നു എന്നു കാണിക്കാൻ ചുറ്റികയും, പുണ്യപ്രവൃത്തികൾ, അനുതാപം, മനസാന്തരം എന്നിവ അവനെ കുരിശിൽ നിന്നും ഇറക്കുമെന്നു കാണിക്കാൻ ചവണയും അവൾ ധരിച്ചിരുന്നു. പാപത്തിന്റെ അടിമത്വം ഉപേക്ഷിച്ച് ദൈവത്തിലേക്ക് തിരിച്ചുവരുമ്പോൾ, സഭയോടും കൂദാശയോടും ചേർന്നു നിൽക്കുമ്പോൾ അടിമത്വത്തിന്റെ ചങ്ങലകൾപൊട്ടുകയും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ 'രക്ഷയുടെ' –പനിനീർപ്പൂക്കൾ വിരിയുകയും ചെയ്യുമെന്ന് മനുഷ്യരെ ബോധ്യപ്പെടുത്താൻ അവൾ ശിരസ്സിലും, ശരീരത്തിലും, പാദങ്ങളിലും റോസാപ്പൂക്കൾ ധരിച്ചു.

അമ്മ ലാസലെറ്റിൽ നൽകിയ പ്രത്യക്ഷം അടയാളങ്ങളുടെ പ്രത്യക്ഷമാണ്, **അടയാളം മാറ്റത്തിനാണ്**. ലൂർദിലും ഫാത്തിമായിലും മനുഷ്യരുടെ ശാരീരിക അസുഖങ്ങൾ സുഖപ്പെടുന്ന അത്ഭുതങ്ങൾ സാക്ഷ്യപ്പെടുത്തുമ്പോൾ ലാസലെറ്റിൽ കൂടുതലായും ആത്മീയ സൗഖ്യങ്ങളാണ് നടക്കുന്നത്. മാർപ്പാപ്പമാരും ദൈവശാസ്ത്രജ്ഞൻമാരും "ലാസലെറ്റ്, മാനസാന്തരത്തിന്റെ അടയാളമാണെന്ന്" പലക്കുറി സാക്ഷിക്കുന്നുണ്ട്. പാപത്തിന്റെ അടിമത്വങ്ങളിൽ നിന്നും പിന്തിരിയുവാൻ മാതാവ് നമുക്കും പ്രേരണയാകട്ടെ.

**വിചിന്തനം നടത്താം.**

- ലാസലെറ്റിലെ മാതാവിന്റെ പ്രത്യക്ഷത്തെക്കുറിച്ച് അറിഞ്ഞ നാൾ മുതൽ ഞാൻ വ്യക്തിപരമായും, എന്റെ കുടുംബവും പാപത്തിന്റെ വഴിയിൽ നിന്നും എത്രമാത്രം അകലം പാലിക്കുന്നു – മാനസാന്തര വഴിയിലേക്ക് എത്രമാത്രം അടുക്കുന്നു.

- വ്യക്തി ജീവിതത്തിലും, കുടുംബത്തിലും ഭൗതിക ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനൊപ്പം, മാനസാന്തരത്തിനായി (പാപികളുടെ) പ്രാർത്ഥിക്കാറുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: കൊറോണ വൈറസ് ബാധയാലും മറ്റുപല രോഗങ്ങളാലും വേദനയും ദുരിതവുമനുഭവിക്കുന്ന സകല മനുഷ്യരെയും രക്ഷിച്ചു പരിപാലിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: ജീവിത സമരത്തിൽ പാപങ്ങൾക്കടിമപ്പെട്ട് ക്രിസ്തുവിനെ കുരിശിൽ തറക്കുന്നവരാകാതെ മാനസാന്തരത്തിന്റെ വഴി നടക്കുവാൻ ഓരോ നിമിഷവും ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: പലവിധ ജീവിതസാഹചര്യങ്ങളിൽപ്പെട്ട് പാപ ജീവിതം നയിക്കുന്നവരെയും, മാനസാന്തര വഴിയിൽ നിന്നും പിൻതിരിഞ്ഞു നിൽക്കുന്നവരെയും പരിശുദ്ധാത്മാവിനാൽ യഥാർത്ഥ ദൈവസ്നേഹത്തിലേക്ക് തിരികെ എത്തിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും, കുടുബത്തിന്റെ ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവുവഴി നിശബ്ദമായി ദൈവത്തിനു സമർപ്പിക്കാം.

**നമുക്ക് പ്രാർത്ഥിക്കാം.**

കർത്താവേ, അരക്കച്ച അരയോടു ചേർന്നിരിക്കുന്നതുപോലെ ഓരോ നിമിഷവും ഞങ്ങളെ തിരുഹൃദയത്തോടു ചേർത്തു വെച്ചു സ്നേഹിക്കുന്ന നല്ല ദൈവമേ, 'സഭയാണ് ചങ്ങല' എന്ന അബദ്ധ പ്രചരണത്തിൽ വിശ്വസിച്ച് സഭയെയും കൂദാശകളെയും മറന്നുപോയ ജനത്തെ ഓർമ്മപ്പെടുത്താൻ 'ചങ്ങലകളാൽ ബന്ധിതയായി' ലാസലെറ്റിൽ അങ്ങയുടെ അമ്മയെ അയച്ചുവല്ലോ. ആ അമ്മയുടെ

മുന്നറിയുകളെ ഉൾകൊണ്ടുകൊണ്ട് പാപസാഹചര്യങ്ങളുപേക്ഷിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ. മാനസാന്തരത്തിന്റെയും, അനുതാപത്തിന്റെയും വഴി നടന്ന് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പനിനീർപൂക്കളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും... ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**<u>സമാപനഗാനം</u>**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu